# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

## ആരോഗ്യ അദാലത്തുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 662 — 12.6.2013 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.വി. വിൻസെന്റ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യത്തിലെ കുറവുകൾ സംബന്ധിച്ച പരാതി പരിഹാരത്തിനും രോഗികളുടെ ചികിത്സാ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | എ) | 5.3.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി.) നം. 738/2013/ആ.കു.വ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സർക്കാർ ആശുപത്രി കളുടെ അടിസ്ഥാന സൗകര്യത്തിലെ കുറവുകൾ സംബന്ധിച്ച പരാതി പരിഹാരത്തിനും ജീവനക്കാരുടെ കുറവ് നികത്തുന്നതിനും രോഗികളുടെ ചികിത്സാ നിലവാരം ഉയർത്തുന്നതിനുമായി ജില്ലാതല ആരോഗ്യ അദാലത്തുകൾ 2013 സംഘടിപ്പിക്കുന്നതിനായി തീരുമാനിക്കുകയും ആയതിൻ പ്രകാരം 24.4.2013 ലെ സ.ഉ. നം. 1437/2013/ആ.കു.വ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള തീയതികളിൽ എല്ലാ ജില്ലകളിലും ആരോഗ്യ അദാലത്തുകൾ നടത്തിവരുകയും ചെയ്യുന്നു. അതാത് ജില്ലകളിലെ ആരോഗ്യ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും പരിഗണിച്ച് അവയ്ക്ക് |

<table>
<tr><td></td><td></td><td></td><td>പരിഹാരം കാണുന്നതിനാണ് ഈ അദാലത്തുകൾ സംഘടിപ്പിക്കുന്നത്. ആരോഗ്യ അദാലത്തിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും അവ അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർ മെഡിക്കൽ കോളേജ് പ്രൻസിപ്പൽമാർ, സൂപ്രണ്ടുമാർ എന്നിവർ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതാണ്. ഇത്തരത്തിൽ പരിഹരിക്കപ്പെടാത്തവ ജില്ലാതല അദാലത്തുകളിൽ പരിഗണിക്കുകയും ചർച്ച ചെയ്ത് നടപടി സ്വീകരിക്കുകയും ചെയ്യും. ജില്ലാതല അദാലത്തുകളിലും പരിഹരിക്കപ്പെടാത്ത പരാതികൾ സർക്കാർ തലത്തിൽ പരിഗണിച്ച് അവസ്ഥ ബന്ധപ്പെട്ടവരെ തപാൽ മുഖേന അറിയിക്കും</td></tr>
<tr><td>ബി)</td><td>ആയതിനായി ആരോഗ്യ പരിപാലന കേന്ദ്രങ്ങളിൽ ആരോഗ്യ അദാലത്തുകൾ നടത്തുന്നത് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;</td><td rowspan="2">ബി) & സി)</td><td rowspan="2">5.3.2013 ലെ സർക്കാർ ഉത്തരവ് ജി. ഓ (ആർ.റ്റി) നം. 738/2013/ആ.ക.വ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് 24.4.2013 ലെ സ.ഉ. നം. 1437/2013/ആ.ക.വ പ്രകാരം നിശ്ചയിച്ച തീയതികളിൽ ജില്ലാതല ആരോഗ്യ അദാലത്തുകൾ നടന്നു വരുന്നു.<br>നിശ്ചയിച്ചിട്ടുള്ള തീയതികൾ ചുവടെ ചേർക്കുന്നു.<br><table><tr><td>തീയതി</td><td>ജില്ല</td></tr><tr><td>25/04/13</td><td>തിരുവനന്തപുരം</td></tr><tr><td>27/04/13</td><td>കോട്ടയം</td></tr></table></td></tr>
<tr><td>സി)</td><td>ഏതെല്ലാം കേന്ദ്രങ്ങളിലാണ് അദാലത്തുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;</td></tr>
</table>

<table>
<tr><td></td><td></td><td></td><td><table>
<tr><td>03/05/13</td><td>മലപ്പുറം</td></tr>
<tr><td>07/05/13</td><td>എറണാകുളം</td></tr>
<tr><td>10/05/13</td><td>ഇടുക്കി</td></tr>
<tr><td>11/05/13</td><td>കൊല്ലം</td></tr>
<tr><td>14/05/13</td><td>പത്തനംതിട്ട</td></tr>
<tr><td>25/05/13</td><td>ആലപ്പുഴ</td></tr>
<tr><td>28/05/13</td><td>തൃശ്ശൂർ</td></tr>
<tr><td>31/05/13</td><td>കണ്ണൂർ</td></tr>
<tr><td>01/06/13</td><td>കാസർഗോഡ്</td></tr>
<tr><td>06/06/13</td><td>വയനാട്</td></tr>
<tr><td>07/06/13</td><td>കോഴിക്കോട്</td></tr>
<tr><td>08/06/13</td><td>പാലക്കാട്</td></tr>
</table>
സംസ്ഥാനത്ത് പകർച്ചപ്പനി വ്യാപകമായതിനെ തുടർന്ന് മെഡിക്കൽ ഓഫീസർമാർക്കും മറ്റും പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ സജീവമായി പ്രവർത്തിക്കുന്ന തിനായി ഇടുക്കി, കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിലെ അദാലത്തുകൾ താൽക്കാലികമായി മാറ്റി വയ്ക്കുകയുണ്ടായി.</td></tr>
<tr><td>ഡി)</td><td>ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?</td><td>ഡി)</td><td>ജില്ലാതല അദാലത്തുകളിൽ പങ്കെടുക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിവരവും അദാലത്തുകൾ നടക്കുന്ന പുതുക്കിയ സമയക്രമവും 24.4.2013 ലെ സ.ഉ. 1437/2013/ആ.ക.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിവരം ബന്ധപ്പെട്ട എല്ലാ വകുപ്പ മോധാവികളെയും ജില്ലാ കളക്ടർമാരെയും അറിയിച്ചിട്ടുണ്ട്. അതാത് ജില്ലകളിലെ ജില്ലാ</td></tr>
</table>

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഓഫീസർമാരുടെയും (ആരോഗ്യം, ആയുർവേദം, ഹോമിയോ) ആയതിലേക്കായി രൂപീകരിച്ച കമ്മിറ്റിയുടെയും മേൽനോട്ടത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. ജില്ലാ തലത്തിൽ പരിഹരിക്കാവുന്ന പരാതികൾ അതാത് ജില്ലാ മെഡിക്കൽ ആഫീസർമാരും, സംസ്ഥാന തലത്തിൽ വകുപ്പ് അദ്ധ്യക്ഷന്മാരും ഗവൺമെന്റ് തലത്തിൽ പരിഹരിക്കേണ്ടവ ഗവൺമെന്റ് തലത്തിൽ പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ